"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള വേതനം/ഹോണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ കില-യിൽ നിന്നും വഹിക്കേണ്ടതാണെന്ന് വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1977/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:- 1. സ.ഉ.(എം.എസ്) നം.139/2016/തസ്വഭവ; തീയതി 29.09.2016

2. സ.ഉ.(കൈ) നം.237/2021/തസ്വഭവ; തീയതി 20.10.2021

3. സ.ഉ.(സാധാ) നം.1356/2023/LSGD; തീയതി 02.07.2023

4. സ.ഉ.(കൈ) നം.117/2026/LSGD; തീയതി 24.08.2026

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരാമർശം 4 ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിരുന്നു. 2016ൽ എസ്സ്.ആർ.ജി. പുനഃസംഘടിപ്പിച്ച പരാമർശം 1 ഉത്തരവിൽ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ വരവു ചെലവുകണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഗ്രൂപ്പിലെ ഒരു അനൗദ്യോഗിക അംഗത്തെ കില ഡയറക്ടർ ചുമതലപ്പെടുത്തണമെന്നും, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കിലയിൽ നിന്നും അനുവദിച്ച് കിട്ടുന്ന തുക നിക്ഷേപിച്ച്, ആ തുക വിനിയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾ നടത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 2021ലെ പുനഃസംഘടിപ്പിച്ച എസ്.ആർ.ജി. യിൽ ഉൾപ്പെട്ട അംഗങ്ങളുടെ വേതനം കിലയിൽ നിന്നും നൽകേണ്ടതാണ് എന്ന് പരാമർശം 3 ഉത്തരവ് പ്രകാരവും വ്യക്തമാക്കിയിരുന്നു. എന്നാൽ പരാമർശം 4 ഉത്തരവിൽ എസ്.ആർ.ജി. അംഗങ്ങൾക്കുള്ള ഹോണറേറിയം/വേതനം, സിറ്റിംഗ് ഫീസ് എന്നിവ കില-യിൽ നിന്നും നല്കുന്നതിന് പരാമർശമില്ല.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 4 ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ച വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള വേതനം/ഹോണറേറിയം, സിറ്റിംഗ് ഫീസ്, എസ്.ആർ.ജി.യുടെ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവ് മുൻകാലങ്ങളിലെന്ന പോലെ കില-യിൽ നിന്നും വഹിക്കേണ്ടതാണെന്ന് വ്യക്തത വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

2. ഡയറക്ടർ ജനറൽ, കില.
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 26-10-2026
11:46:40

സെക്ഷൻ ഓഫീസർ